അദ്ധ്യായം 3

പ്രശ്നവിശകലനവും പ്രശ്നപരിഹാര സാദ്ധ്യതകളും

കാർഷികമേഖലയില് നിലനിൽക്കുന്ന ഗുരുതരമായ പ്രശ്നം നെൽവയലുകളും കരഭൂമിയും തരിശ്ശിടുന്നുവെന്നതാണ്. നിരവധി പ്രശ്നങ്ങൾ ഇതിന് കാരണമായി പറയുന്നുണ്ടെങ്കിലും ഇത് സൃഷ്ടിക്കുന്ന ഭക്ഷ്യപ്രശ്നങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങളും വളരെ ഗൗരവമുള്ളതാണ്. തരിശ്ശിടുന്ന പ്രവണത അവസാനിപ്പിക്കുന്നതിനായി ഒട്ടേറെ പദ്ധതികൾ കാർഷികമേഖലയില് പുതിയതായി പ്രഖ്യാപിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തുകളുമായി ചേർന്നുകൊണ്ട് നടീല് വസ്തുക്കളുടെ ഉൽപ്പാദനം മുതല് അത് ആരംഭിക്കുന്നു. ജലസേചന സൗകര്യം കാർഷിക വിളകളുടെ സംഭരണം, വിതരണം തുടങ്ങിയ മേഖലയിലേക്ക് അവ നീളുന്നു. പച്ചക്കറികളും പഴവർഗ്ഗങ്ങളും ഉൽപ്പാദിപ്പിക്കുന്നതിന് പ്രത്യേക പരിഗണന. നെൽകൃഷി, പച്ചക്കറി കൃഷി, കൂലിച്ചെലവ് സബ്സിഡി, ജൈവകൃഷി പ്രോത്സാഹനം, കാർഷിക യന്ത്രവത്കരണം തടങ്ങിയ പദ്ധതികള് നടപ്പിലാക്കികൊണ്ട് പ്രോത്സാഹിപ്പിക്കപ്പെടണം.

ക്ഷീരമേഖലയിൽ മേൽത്തരം ജനുസ്സിൽപ്പെട്ട കന്നുകാലികളുടെ അഭാവം ഗുരുതരമായ പ്രശ്നമായി നിൽക്കുന്നു. അതോടൊപ്പം ദിനംപ്രതി കുറയുന്ന കന്നുകാലികളുടെ എണ്ണവും സജീവപ്രശ്നമാണ്. തീറ്റയുടെ വിലക്കയറ്റം, ശാസ്ത്രീയമായ പരിപാലനമുറകളുടെ അഭാവം തുടങ്ങിയവയും ഈ രംഗത്തെ പ്രശ്നങ്ങളാണ്.

വെറ്റിനറി സർവ്വകലാശാലയുടെയും മറ്റും സഹകരണത്തോടെ പുതിയതരം ജനുസ്സുകളെ എത്തിക്കാനുള്ള ശ്രമം കർഷരുടെ വീടുകളില് കന്നുകാലി വളർത്തല് കൃഷിയോടൊപ്പം മുന്നോട്ടു കൊണ്ടുപോകുന്നതിന് പ്രേരിപ്പിക്കുന്ന പദ്ധതികള് ആസൂത്രണം ചെയ്യുക. പാൽ സംഭരണവിതരണ ശൃംഖലകള് വിപുലപ്പെടുത്തല്, പാലിൻറെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും വൈവിദ്ധ്യവൽക്കരണവും പ്രോത്സാഹിപ്പിക്കല് തുടങ്ങിയവ സ്വീകരിക്കാം. പാലിന് സബ്സിഡി നൽകി ക്ഷീരകർഷകരെ തുടർന്നും പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

മത്സ്യകൃഷിയുടെയും മത്സ്യബന്ധനത്തിൻറെയും മേഖലയില് നിലനിൽക്കുന്ന രൂക്ഷമായ പ്രശ്നം കുറയുന്ന മത്സ്യലഭ്യതയാണ്. മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മത്സ്യകുഞ്ഞുങ്ങളുടെ വിതരണം, തീറ്റകളുടെ ലഭ്യത, രോഗപ്രതിരോധ സൗകര്യങ്ങൾ, പരിപാലന പരിശീലനങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം കൊടുക്കണം. . വ്യക്തികൾക്കും, ഗ്രൂപ്പുകൾക്കും മത്സ്യകൃഷിയില് താല്പര്യം വളർത്തിയെടുക്കണം.

ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഒട്ടെറെ പ്രശ്നങ്ങള് നിലനിൽക്കുന്നു. സ്ഥലങ്ങളുടെ ലഭ്യതക്കുറവ്, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, ആവശ്യമായ പരിശീലനക്കുറവ്, മാർക്കറ്റുകളുടെ അഭാവം തുടങ്ങിയവ പരിഹരിക്കുന്നതിലൂടെ മാത്രമേ ചെറുകിട വ്യവസായസംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക. നൂതന സംരംഭങ്ങളാരംഭിക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകുന്നതിനുള്ള ശ്രമങ്ങളുണ്ടാകണം.

ആരോഗ്യമേഖലയിൽ എല്ലാ സൗകര്യങ്ങളോടും കൂടിയ ആശുപത്രി എന്നതാണ് നിലവിലുള്ള പ്രശ്നങ്ങൾക്കുള്ള ഏറ്റവും വലിയ പ്രതിവിധി. ജീവിതശൈലി രോഗങ്ങൾക്കും മാരകമായ രോഗങ്ങൾക്കും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള ശ്രമം ഉണ്ടാകണം. ബ്ലോക്ക് പരിധിയിൽ സ്വന്തമായി ഒരു ഡയാലിസിസ് സെൻറര് എന്നത് അത്തരം രോഗികൾക്ക് വലിയ ആശ്വാസം ഏകും. കുട്ടികൾ, സ്ത്രീകള്, വൃദ്ധര്, ഭിന്നശേഷിക്കാർ എന്നിവർക്ക് പ്രത്യേക പരിചരണത്തിനായി ചില ദിവസങ്ങള്

ക്രമീകരിക്കുക. ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക എന്നിവയ്ക്കും പ്രധാന്യം നൽകണം.

ബ്ലോക്ക് പരിധിയിലെ ചില പ്രദേശങ്ങളില് കുടിവെള്ളപ്രശ്നം രൂക്ഷമാണ്. കൊടിയ വേനലിൽ കുടിവെള്ളം ലഭ്യമല്ലാത്തവര്, വേനൽക്കാലം പിറക്കുമ്പോള് തന്നെ ക്ഷാമം അനുഭവപ്പെടുന്നവർ , തീരെ കുടിവെള്ളം ലഭിക്കാത്തവർ എന്നിങ്ങനെ ഇവരെ മൂന്നായി തിരിക്കാം. തീരെ കുടിവെള്ളം ലഭിക്കാത്ത പ്രദേശങ്ങളിൽ കുടിവെള്ള വിതരണപദ്ധതികള് ജലജീവൻ മിഷന് മുഖേന കഴിഞ്ഞ വർഷം ചില ഗ്രാമപഞ്ചായത്തുകളിൽ ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം ജലപരിപാലന പരിപാടികളും ആസൂത്രണം ചെയ്യണം. മഴക്കുഴികൾ, കിണര് റീചാർജ്ജിംഗ് തുടങ്ങിയ പരിപാടികളും ആരംഭിക്കണം. മുൻകാലങ്ങളിൽ ആരംഭിച്ചതും മുടങ്ങിക്കിടക്കുന്നതുമായ കുടിവെള്ള പദ്ധതികൾ പുനരുജ്ജീവിപ്പിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ മേഖലയിലും കലാ-സാംസ്കാരിക രംഗത്തും നിലനിൽക്കുന്ന പ്രശ്നങ്ങളെ അടിസ്ഥാന സൗകര്യവികസനമെന്ന നിലയിലും അക്കാദമിക സൗകര്യങ്ങളെന്ന നിലയിലും വിഭജിച്ചു കാണാവുന്നതാണ്. ഗ്രന്ഥാലയങ്ങൾക്കും കലാ-സാംസ്കാരിക നിലയങ്ങൾക്കും അടിസ്ഥാന സൗകര്യമൊരുക്കുന്നതില് ചില പ്രത്യേക പരിഗണന നൽകാവുന്നതാണ്.

വനിതാവികസനമേഖലയിൽ സാമ്പത്തിക സ്വാശ്രയത്വത്തിനുതകുന്ന തൊഴില് സംരംഭങ്ങളുടെ അപര്യാപ്തതയാണ് നിലനിൽക്കുന്ന ഏറ്റവും പ്രധാന പ്രശ്നം. ഇതിനാവശ്യമായ പരിശീലനപരിപാടികൾ പ്രത്യേകിച്ചും നൈപുണ്യ വികസനത്തിനുതകുന്ന ബോധവൽക്കണപദ്ധതികള്, സർഗ്ഗശേഷി വിപുലപ്പെടുത്തുവാനുതകുന്ന കലാപരിശീലനങ്ങൾ, ശാരീരികമായ ബുദ്ധിമുട്ടനുഭവപ്പെടുന്നവർക്കുള്ള പുനരധിവാസ പദ്ധതികൾ എന്നിവ ആസൂത്രണം ചെയ്യാവുന്നതാണ്.

കുട്ടികളുടെ മേഖലയിലുള്ള ചൂഷണം അവസാനിപ്പിക്കുന്നതിനുള്ള പരിപാടികൾ, അവരുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് പ്രത്യേക പരിഗണന, വയോജനങ്ങളുടെ ക്ഷേമത്തിനായി പുനരധിവാസ സൗകര്യങ്ങളൊരുക്കൽ, ഹാപ്പിനസ് പാർക്ക് നിർമ്മിക്കല് , ഭിന്നശേഷിക്കാരുടെ ആരോഗ്യ-തൊഴിൽ മേഖലയിലെ ഇടപെടല് എന്നിവയ്ക്കുള്ള പദ്ധതികൾ തയ്യാറാക്കണം.

പരമ്പരാഗത മേഖലയിലെ തൊഴിലിടങ്ങളിൽ നിലനിൽക്കുന്ന രൂക്ഷമായ പ്രശ്നം അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും ഉൽപ്പന്നങ്ങളുടെ മാർക്കറ്റില്ലായ്മയുമാണ്. ഇവയ്ക്കുള്ള പരിഹാരമെന്ന നിലയിൽ പുതിയ പരിശീലന പരിപാടികളും ഉല്പന്നങ്ങള് വിറ്റഴിക്കാനാവശ്യമായ സൗകര്യങ്ങളും ഒരുക്കണം.

പൊതുമരാമത്ത് മേഖലയിൽ പുതിയ റോഡുകളുടെ ആവശ്യകത ദിനംപ്രതി ഉയർന്നുവരുന്നുണ്ട്. ആവശ്യമായ സ്ഥലമെടുപ്പിൻറെ പ്രയാസമാണ് ഇവിടെ നിലനിൽക്കുന്ന രൂക്ഷമായ പ്രശ്നം കൈമാറിക്കിട്ടിയ കെട്ടിടങ്ങളുടെ അറ്റക്കുറ്റപ്പണിയും തുടർപരിപാലനവും അനിവാര്യമായി ചെയ്തു തീർക്കേണ്ടതുണ്ട്.

പട്ടികജാതി/പട്ടികവർക്ഷ മേഖലയിലെ രൂക്ഷമായ പ്രശ്നം കോളനികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയാണ്. കുടിവെള്ളക്ഷാമ മടക്കമുള്ള പ്രശ്നങ്ങൾക്ക് പരിഹാരം വേണം. കോളനികളിലെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തേണ്ടതുണ്ട്. പിന്നോക്ക ജനവിഭാഗങ്ങളുടെ തൊഴിൽ-സാംസ്കാരിക മേഖലകളിൽ പുരോഗതി സാധ്യമാക്കുന്ന പദ്ധതികള് ആവശ്യമാണ്.

അദ്ധ്യായം 4

വികസന കാഴ്ചപ്പാട്, ലക്ഷ്യം,നയ സമീപനം

ആഗോള സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വികസന സൂചകങ്ങളെ അടിസ്ഥാനമാക്കി ശരിയായ വിശകലത്തിലൂടെ വികസന സങ്കല്പത്തിലേക്ക് ഉയരുക എന്നതാണ് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ കാതൽ. പ്രദേശത്തിൻറെ സമ്പദ്ഘടന, ദീർഘകാല വികസന ആവശ്യങ്ങൾ, മുൻകാല അനുഭവങ്ങൾ എന്നിവ കണക്കിലെടുത്ത് പദ്ധതി ആസൂത്രണത്തിൽ സ്ഥലപരവും സ്ഥായിയാതുമായ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കലാണ് 2026-27 വാർഷിക പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അതിനാണ് ഏറ്റവും പ്രധാനപ്പെട്ടത് എന്ന നിലയിൽ മൂന്ന് വികസന മേഖലയുടെ വികാസത്തിനാണ് പ്രാധാന്യം നൽകുന്നത്.

സർക്കാർ ഓഫീസുകൾ ഇന്ന് ഡിജിറ്റൽ രീതിയിലേക്ക് മുറുന്നതിനുള്ള ചുവട് വെയ്പിലാണ്. നമ്മുടെ ഓഫീസും ഇതിനകം ഇ ഓഫീസായി മാറിക്കഴിഞ്ഞു. 1952 ൽ ദേശീയ വികസനബ്ലോക്കായി ആരംഭിച്ച നമ്മുടെ ഓഫീസിലെ രേഖകൾ കേരളപ്പിറവിക്ക് മുമ്പെയുള്ള ചരിത്രം പറയുന്നതാണ്. അന്നുമുതൽ ഇന്നുവരെയുള്ള കടലാസ് രേഖകൾ ഡിജിറ്റലായി സൂക്ഷിക്കുക, അനുബന്ധ ഓഫീസുകളുടെ ആധുനിക വത്കരണം, ബ്ലോക്ക് പഞ്ചായത്ത് വെബ് സൈറ്റ് കാലികമാക്കൽ, ഭിന്നശേഷീ സൗഹൃദം, പൗരവകാശ രേഖയും അപേക്ഷ ടാക്കിങ്ങും വിരൽതുമ്പിൽ ലഭ്യമാക്കൽ, സേവനങ്ങളിൽ വേഗതയും കൃത്യതയും ഉറപ്പാക്കൽ, അനുബന്ധ ഓഫീസുകൾക്ക് ഐ എസ് ഒ നിലവാരം ഉണ്ടാക്കുന്നതിനുള്ള പ്രവ്വർത്തനങ്ങൾ എന്നിവ സദ്ഭരണത്തിൻറെ ഭാഗമായി ഏറ്റെടുക്കാവുന്നതാണ്.

കാർഷിക മേഖലയിൽ ഇന്ന് നടപ്പിലാക്കി വരുന്ന പദ്ധതികൾ സംയോജിപ്പിച്ച് സമഗ്രപദ്ധതി എന്നനിലയിൽ നടപ്പാക്കാനുള്ള സാധ്യത പരിശോധിക്കപ്പെടണം. ഇക്കാര്യത്തിൽ സമഗ്ര പദ്ധതിക്കും വകുപ്പുകളുടെ പദ്ധതിയുമായി സംയോജിപ്പിച്ച് സംയോജന സാധ്യതയും പരിശോധിക്കപ്പെടണം. പ്രദേശത്തെ കാലാവസ്ഥയും സ്വീകരിക്കാവുന്ന കൃഷിരീതികളും പഠിക്കുന്നതിന് ഗവേഷണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പഠനം നടത്തുകയും സുസ്ഥിരത കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും വേണം. കാർഷിക ഉല്പന്നങ്ങളുടെ വിപണനത്തിന് സ്ഥിരം സംവിധാനവും സംഭരിക്കുന്നതിന് കോൾഡ് സ്റ്റോറെജ് സൗകര്യം സഹകരണ സ്ഥാപനങ്ങളുടെ കൺസോർഷ്യം വഴി ഉണ്ടാക്കാവുന്നതും കയറ്റുമതി സാധ്യതയ്ക്കായി കണ്ണൂർ വിമാന താവളം പ്രയോജനപ്പെടുത്താന് സാധിക്കുമോ എന്നും പരിശോധിക്കേണ്ടതുണ്ട്. ഇതോടൊപ്പം ഉത്പന്നങ്ങളെ മൂല്യവർദ്ധിതമാക്കുന്നതിന് പ്രോത്സാഹനം നൽകി കാർഷിക മേഖലയെ ഊർജ്ജിതപ്പെടുത്താനും അതുവഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനും കഴിയണം. ഇന്ന് ഈ മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം ദൈനം ദിമെന്നോണം ഉയരുന്ന ഉത്പാദന ചെലവ് , ഉൽപ്പന്നങ്ങൾക്ക് വേണ്ടത്ര വില ലഭിക്കാത്ത അവസ്ഥ ഇട നിലക്കാരുടെ ചൂഷണം, എന്നിവയാണ്. ഇവയ്ക്ക് പരിഹാരമായി കുറഞ്ഞ സ്ഥത്ത് നിന്ന് കൂടുതൽ ഉല്പാദനവും അടിസ്ഥാന സൗകര്യങ്ങളുടെ സൗകര്യവും സാധ്യമാക്കേണ്ടതുണ്ട്. കാർഷിക മേഖലയിൽ യന്ത്രവൽകരണവും, പരമ്പരാഗത ജല സ്രോതസ്സുകളുടെ സംരക്ഷണവും ജല നിർഗ്ഗമന സംവിധാനങ്ങളും ഉറപ്പുവരുത്തണം.

ക്ഷീരമേഖലയിൽ തനത് ബ്രാൻഡ് ഉത്പന്നങ്ങള് ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകാവുന്നതാണ്. നിലവിൽ നടപ്പാക്കി വരുന്ന കാലിത്തീറ്റ സബ്സിഡി, ഉത്പാദന ബോണസ് എന്നിവ തുടർന്നും നടപ്പാക്കുന്നതൊടൊപ്പം ജൈവവള നിർമ്മാണ യൂനിറ്റ് , ക്ഷീര മേഖലയുമായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം തുടങ്ങിയവും മെച്ചപ്പെട്ട രീതിയിൽ നടപ്പാക്കണം . മൃഗ സംരക്ഷണ മേഖലയിൽ ബ്ലോക്ക് പ്രദേശത്തോ സമീപ സ്ഥലങ്ങളിലോ സ്ഥല ലഭ്യതക്കനുസരിച്ച് വിത്തുല്പാദനത്തിനായുള്ള വലിയ സംരംഭങ്ങൾ സർക്കാര് സഹായത്തോടെ ദീർഘകാല പദ്ധതിയെന്ന നിലയില് ആരംഭിക്കാൻ സാധിക്കണം .

സംരംഭക വർഷമായ ഈ വർഷവും തുടർന്നും വ്യാവസായിക വളർച്ചയ്ക്കുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ചെറുകിട വ്യാവസായിക സംരഭകരേയും വനിതാ വ്യവസായ സംരഭകരേയും പ്രവാസികളേയും പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ പ്രൊജക്ടുകൾ ഏറ്റെടുക്കേണ്ടതുണ്ട്. അത് വഴി കൂടതൽ പേർക്ക് തൊഴിലും തൊഴിലവസരങ്ങളും പ്രദാനം ചെയ്യാൻ കഴിയണം. വ്യവസായ എസ്റ്റേറ്റുകളിലെ ഭൂവിനിയോഗം പൂർണ്ണ തോതിലാക്കണം. വനിതാ കൂട്ടായ്മയിലൂടെയുള്ള സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം പുരുഷ സ്വയം സഹായ സംഘങ്ങളേയും പ്രോത്സാഹിപ്പിക്കണം . അതോടൊപ്പം ചെറുകിട വ്യവസായ ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണികളുടെ സാദ്ധ്യതകൾ ഇനിയും മെച്ചപ്പെടണം. മറ്റ് പ്രമുഖ മാർക്കെറ്റിങ്ങ് നെറ്റ് വർക്കുമായി ചേർന്ന് ഓൺലൈന് വിപണന ശൃംഖലയില് കണ്ണികളാകാന് സാധിക്കണം.. മേല് പറഞ്ഞ മൂന്ന് വികസന മേഖലകളാണ് ഈ വർഷം ഊന്നല് നൽകാന് ഉദ്ദേശിക്കുന്നത്.

സാമൂഹ്യ സേവന മേഖലയിലും ക്ഷേമപ്രവർത്തനങ്ങളിലും ജനകീയ ആസൂത്രണത്തിൻറെ ഉജ്ജ്വലമായ തുടക്കത്തിലൂടെ സമ്പന്നമായ ഇന്നലെകളില് പകർന്നുകിട്ടിയ ഊർജ്ജം ക്രിയത്മകമായ മാറ്റങ്ങൾക്കായി ആധുനിക വത്കരിക്കുക എന്നത് പ്രധാനമാണ്. ജനങ്ങളുടെ ക്ഷേമം പരമപ്രധാനമെന്ന ബോധത്തെ മുൻനിർത്തിക്കൊണ്ട് സേവന മേഖലയിലെ ആരോഗ്യം, കുടിവെള്ളം. ശുചിത്വസൗകര്യങ്ങൾ, വനിതാശിശു, പട്ടികജാതി, പാർപ്പിടം, സാമൂഹ്യ ക്ഷേമം, സദ്ഭരണം എന്നീ ഉപവികസന മേഖലകളുടെ കാലികമായ വികസനം – സ്ഥലപരമായ ആസൂത്രണം , വിഭവ വിനിയോഗം , ആവശ്യാധിഷ്ഠിത സമീപനം എന്നിവയെ അടിസ്ഥാനപ്പെടുത്തിയാകണം രൂപപ്പെടുത്തേണ്ടത്.

ആരോഗ്യരംഗത്ത് ജീവിത ശൈലിരോഗങ്ങളോടൊപ്പം കാൻസര്, വൃക്ക രോഗങ്ങൾ, ഹൃദ്രോഗം തുടങ്ങിയവയും വലിയ ഭീഷണി ഉയർത്തുന്നുണ്ട്. മാതൃശിശു സുരക്ഷ ഉറപ്പാക്കൽ, ജീവിതശൈലീ രോഗ നിയന്ത്രണം, രോഗാതുരയാൽ അവശതയനുഭവിക്കുന്ന ആലംബഹീനർക്ക് പരിചരണം, രോഗ പ്രതിരോധ പ്രവർത്തനങ്ങള്, കൗമാര വയോജന ആരോഗ്യ പരിപാലനം, അന്യ സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ എന്നിവയും ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. കിടപ്പിലായവർക്കുള്ള സാന്ത്വന പദ്ധതിക്കായി കൂടുതൽ തുക വകയിരുത്തുന്നതോടൊപ്പം പ്രാഥമിക സാന്ത്വന പദ്ധതിക്കായി ഗ്രാമ പഞ്ചായത്തുകൾക്ക് കൂടുതല് വിഹിതം നൽകുകയും വേണം. അതിദാരിദ്യ നിർമ്മാർജ്ജന പദ്ധതി നടപ്പാക്കുന്നതിന് അതീവ പ്രാധാന്യം നൽകേണ്ടതുണ്ട്.

. കൗമാരപ്രായക്കാരായ പെൺകുട്ടികളുടേയും ഗർഭിണികളുടേയും ആവശ്യങ്ങള് നിറവേറ്റുന്നതിനും സംരക്ഷിക്കുന്നതിനും അതിജീവനം, പങ്കാളിത്തം, സംരക്ഷണം, വികാസം എന്നിവയുമായി ബന്ധപ്പെട്ട കുട്ടികളുടെ അവകാശങ്ങൾ സാധ്യമാക്കുന്നതിനും അംഗൻവാടികള് മുഖേന നടത്തുന്ന പ്രവർത്തനങ്ങളില് എല്ലാവിഭാഗം സ്ത്രീകളേയും ഉൾക്കൊള്ളണം. കുടുംബശ്രീ അയൽക്കൂട്ടങ്ങളില് ഇന്ന് നടക്കുന്ന സാമ്പത്തിക

വിനിമയത്തിനപ്പുറത്ത് പ്രാദേശിക സാമ്പത്തിക വികസനത്തിനുതകുന്ന സൂക്ഷ്മ സംരഭങ്ങൾ ആരംഭിച്ച് സാമ്പത്തിക സ്വാശ്രയത്വത്തിലേക്ക് ഉയരുന്നതിന് കൈത്താങ്ങേകുന്ന പദ്ധതികള് രൂപപ്പെടണം.

അതിവേഗത്തിലുള്ള നഗരവത്കരണം സൃഷ്ടിക്കുന്ന മാലിന്യ പ്രശ്നങ്ങൾ വലിയ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകുന്നു. വികേന്ദ്രീകൃത മാലിന്യ സംസ്കരണ രീതികൾ അവലംബിക്കേണ്ടതും അവ നില നിർത്താന് അതീവ ജാഗ്രത പുലർത്തേണ്ടതുമാണ്.

പശ്ചാത്തല മേഖലയിൽ ഗതാഗതസൗകര്യം താരതമ്യേന കുറഞ്ഞ പ്രദേശത്തിന് മുൻഗണന നൽകി പ്രധാന റോഡുമായി ബന്ധിപ്പിക്കുന്നതിന് പ്രാധാന്യം നൽകണം. കാർഷിക വ്യവസായിക വാണിജ്യ പുരോഗതിയെ സഹായിക്കുന്ന വിധത്തിലുള്ള റൂറൽ കണക്ടിവിറ്റി പ്ലാനുകള് തയ്യാറാക്കി മുൻഗണന നിശ്ചയിക്കണം. സ്ഥലപരമായ ആസൂത്രണത്തിലൂടെ വികസന സാധ്യതകളെ മുൻനിർത്തി ഗതാഗത സൗകര്യം വർദ്ധിപ്പിക്കുക, നിർമ്മിക്കപ്പെട്ടിട്ടുള്ള ആസ്തികളുടെ യഥാകാലത്തിലുള്ള അറ്റകുറ്റപ്പണികളിലൂടെ കൈവരിച്ച നേട്ടങ്ങളുടെ ശക്തി വർദ്ധിപ്പിക്കുക തുടങ്ങിയവ വാർഷികപദ്ധതിയുടെ ഭാഗമായി പശ്ചാത്തല മേഖലയില് ഏറ്റെടുക്കേണ്ടവയാണ്.

അതിദാരിദ്ര്യനിർമ്മാർജ്ജനം 2.0 സമ്പൂർണ്ണ മാലിന്യമുക്തകേരളം എന്നീലക്ഷ്യങ്ങൾക്ക് പ്രഥമ പരിഗണന നൽകികൊണ്ട് വനിതകൾക്ക് സാമ്പത്തിക ശാക്തീകരണവും സാമൂഹിക സുരക്ഷതത്വവും ഉറപ്പ് വരുത്തുന്നതിന് ഉതകുന്ന പദ്ധതികൾ ഈവർഷം ആവിഷ്കരിക്കേണ്ടതാണ്. ജലസംരക്ഷണത്തിന് കേന്ദ്രധനകാര്യകമ്മീഷൻ ഫണ്ട് , ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

നിലവിലുള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതോടൊപ്പം നാളെയുടെ പ്രതീക്ഷകളെ കണ്ടുകൊണ്ട് ദീർഘകാല പരിപാടികള് തയ്യാറാക്കി നടപ്പാക്കാന് 14-ാം പദ്ധതിയുടെ അഞ്ചാം വാർഷിക പദ്ധതി 2026-27 വർഷത്തിലൂടെ ബ്ലോക്ക് പഞ്ചായത്ത് ലക്ഷ്യമിടുകയാണ്. 100 ശതമാനം വിഭവ വിനിയോഗത്തിലൂടെയും മോണിറ്ററിങ്ങ് കാര്യക്ഷമമാക്കിയും ഇത് കൈവരിക്കാൻ സാധിക്കുന്നതിനുള്ള ശ്രമങ്ങള് ഏറ്റെടുത്ത് നടത്തുന്നതിന് ഭരണസമിതി പ്രതിജ്ഞാബദ്ധമാണ്. പട്ടികജാതി/പട്ടികവർഗ മേഖലയിലെ രൂക്ഷമായ പ്രശ്നം ഉന്നതികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയാണ്. കുടിവെള്ളക്ഷാമ മടക്കമുള്ള പ്രശ്നങ്ങൾക്ക് പരിഹാരം വേണം. ഉന്നതികളിലെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തേണ്ടതുണ്ട്. പിന്നോക്ക ജനവിഭാഗങ്ങളുടെ തൊഴിൽ-സാംസ്കാരിക മേഖലകളിൽ പുരോഗതി സാധ്യമാക്കുന്ന പദ്ധതികള് ആവശ്യമാണ്.